**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തിരുവമ്പാടി ഗ്രാമപഞ്ചായത്ത് - ഗവ. ഐ.ടി.ഐ പ്രവർത്തിക്കുന്ന വാടക കെട്ടിടത്തിന്റെ വാടക - തനത് ഫണ്ടിൽ നിന്ന് നൽകുന്നതിന് - യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 1324 /2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 26/04/2017

---

പരാമർശം:- 1) ശ്രീ. ജോർജ്ജ് എം. തോമസ് എം.എൽ.എ യുടെ 13/07/2016 ലെ കത്ത്.

2) പഞ്ചായത്ത് ഡയറക്ടറുടെ 23.02.2017 ലെ ജി1.5731/17 നമ്പർ കത്ത്.

3) സ.ഉ(എം.എസ്) 58/2006/തസ്വഭവ തീയതി 16.02.2006

**ഉത്തരവ്**

തിരുവമ്പാടി ഗ്രാമപഞ്ചായത്തിലെ ഗവ. ഐ.ടി.ഐ നിലവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നതെന്നും ഐ.ടി.ഐ യ്ക്ക് പുതിയ കെട്ടിടം നിർമ്മിച്ച് ഐ.ടി.ഐ പ്രവർത്തനം ആരംഭിക്കുന്നതുവരെ ഗവ. ഐ.ടി.ഐ യുടെ കെട്ടിട വാടക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് നൽകുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം അഭ്യർത്ഥിക്കുകയും, പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ഇതിന് തടസ്സമില്ലെന്ന് അറിയിക്കുകയും ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവമ്പാടി ഗ്രാമപഞ്ചായത്തിലെ ഐ.ടി.ഐ യ്ക്ക് പുതിയ കെട്ടിടം നിർമ്മിച്ച് ഐ.ടി.ഐ ആരംഭിക്കുന്നതുവരെ ഗവ.ഐ.ടി.ഐ യുടെ വാടക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് നൽകുന്നതിന് പരാമർശം (3) ലെ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം.)
സിനി.ജെ.ഷുക്കൂർ.
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
പ്രസിഡന്റ്/സെക്രട്ടറി, തിരുവമ്പാടി ഗ്രാമപഞ്ചായത്ത്, തിരവ്വമ്പാടി, കോഴിക്കോട്.
ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (എൽ.എസ്.ജി.ഡി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം.

സെക്ഷൻ ഓഫീസർ.